അനധികൃത മരംമുറിയ്ക്കൽ

83 (418) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പേര്യാ പ്രദേശത്ത് അനധികൃതമായി മരം മുറിച്ചത് വനംവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനം വകുപ്പ് വിജിലൻസ് വിഭാഗം ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ പങ്കിനെക്കുറിച്ച് അന്വേഷിക്കുവാൻ റവന്യൂ സെക്രട്ടറിയോട് റവന്യൂ വകുപ്പുമന്ത്രി ആവശ്യപ്പെട്ടിരുന്നു.

(സി) ഫോറസ്റ്റ് വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിലുള്ള പേര്യ റെയിഞ്ചിലെ വരയാൽ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്നതും പേര്യ വില്ലേജിലെ സർവ്വേ നം. 88/1എ3-ൽ പെടുന്നതുമായ വട്ടോളി എസ്റ്റേറ്റിൽപ്പെടുന്ന നിക്ഷിപ്ത വനത്തിൽനിന്നും വ്യാപകമായി അനധികൃത മരംമുറി നടത്തിയതിന് കെ.പി.റ്റി. ആക്ടിലെ സെക്ഷൻ 5-ന്റെ ലംഘനം ഉൾക്കൊള്ളിച്ചുകൊണ്ട് 21.1.2000, 24.1.2000, 25.1.2000, 26.1.2000, 27.1.2000, 1.2.2000 എന്നീ തീയതികളിൽ മഹസ്സറുകൾ തയ്യാറാക്കുകയും 1,20,60,249/- രൂപ വിലമതിക്കുന്ന 431 മരങ്ങൾ സർക്കാർ ബന്തവസ്സിൽ എടുക്കുകയും ഉണ്ടായി. അന്വേഷണത്തിൽ മരംമുറി നടന്ന സർവ്വേ നം. 88/1എ3-ൽപ്പെട്ട സ്ഥലം സ്വകാര്യ ഭൂമി അല്ലെന്നും ടി സ്ഥലം 1971-ല കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് അസൈൻമെന്റ്) ആക്ട് പ്രകാരം സർക്കാർ നിക്ഷിപ്ത വനഭൂമി ആണെന്നും ബോദ്ധ്യപ്പെടുകയുണ്ടായി. അന്വേഷണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വനംവകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെയും ഭാഗത്തുനിന്നും ഗുരുതരമായി വീഴ്ച ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പ്രാഥമികാന്വേഷണത്തിൽ ഉത്തരവാദികളെന്നു കണ്ടെത്തിയ 11 വനം വകുപ്പു ഉദ്യോഗസ്ഥൻമാരെ ശിക്ഷണ നടപടിയ്ക്ക് വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. റവന്യൂ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ വീഴ്ചക്കാരാണെന്നു കണ്ട റവന്യൂ-സർവേ ഉദ്യോഗസ്ഥൻമാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ചന്ദനത്തടി കള്ളക്കടത്ത്

84 (419) ശ്രീ. ടി.കെ. നൗഷാദ് :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചന്ദനത്തടി കള്ളക്കടത്ത് നടക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് ഇപ്രകാരമുള്ള സംഭവങ്ങൾ നടന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ചന്ദനത്തടിയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുംവിധം വനം നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്താൻ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്വകാര്യ വ്യക്തികൾ നട്ടുവളർത്തുന്ന ചന്ദനത്തടി സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ വ്യക്തികൾ, ക്ഷേത്രങ്ങൾ എന്നിവയുടെ ആവശ്യത്തിനായി സൂക്ഷിക്കാവുന്ന ചന്ദനത്തടിക്ക് എന്തെങ്കിലും നിയന്ത്രണമോ പരിധിയോ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ മറയൂർ, തേക്കടി പ്രദേശങ്ങളിലും വയനാട് ജില്ലയിലെ ബത്തേരി, മുത്തങ്ങ എന്നീ പ്രദേശങ്ങളിലും പാലക്കാട് ജില്ലയിലെ വാളയാർ, അട്ടപ്പാടി പ്രദേശങ്ങളിലുമാണ് പ്രധാനമായും ഇപ്രകാരമുള്ള സംഭവങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(ബി) സ്വകാര്യ ഭൂമിയിൽ വളരുന്ന ചന്ദനത്തടിയുടെ ഉടമസ്ഥാവകാശം പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കുംവിധം ഭേദഗതി വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ സ്വകാര്യ സ്ഥലങ്ങളിൽനിന്നും ചന്ദനമരങ്ങൾ മുറിക്കുന്നതിനും വിൽക്കുന്നതിനും ചന്ദനം, ചന്ദനത്തൈലം എന്നിവ കൈവശം വയ്ക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ചന്ദനത്തൈല ഫാക്ടറികൾ സർക്കാർ ഉടമസ്ഥതയിൽ മാത്രമാക്കുന്നതിനും ആവശ്യമായ ഭേദഗതി വനനിയമത്തിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായി വനനിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) ഉണ്ട്. സ്വകാര്യ ഭൂമിയിൽ വളരുന്ന ചന്ദന മരങ്ങൾ മുറിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി വാങ്ങണമെന്നും അപ്രകാരം ലഭിക്കുന്ന ചന്ദനത്തടി വനംവകുപ്പ് മുഖേന മാത്രമേ വിൽക്കുവാൻ പാടുള്ളൂ എന്നും, ആയതിന് സർക്കാർ അതാത് സമയങ്ങളിൽ നിശ്ചയിക്കുന്ന വില ഉടമസ്ഥന് നൽകണമെന്നും വ്യക്തികൾക്ക് ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനമോ 100 ഗ്രാമിൽ കൂടുതൽ ചന്ദനത്തൈലമോ കൈവശം വയ്ക്കണമെങ്കിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റ

റുടെ അനുവാദം വേണമെന്നും വ്യവസ്ഥ ചെയ്യുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ഉണ്ട്. സ്വകാര്യ വ്യക്തിക്ക് ഒരു കിലോഗ്രാമിൽ അധികം ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനത്തൈലമോ കൈവശംവച്ച് ഉപയോഗിക്കാൻ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ അനുമതി ആവശ്യമാക്കിക്കൊണ്ടും ക്ഷേത്രങ്ങൾക്കും അവയുടെ ആവശ്യങ്ങൾക്കുമായി കൂടുതൽ അളവ് ചന്ദനത്തടി സൂക്ഷിക്കുവാൻ അനുമതി നൽകാനുള്ള അധികാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകിക്കൊണ്ടും ഉള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം

85 (420) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് നൽകിയത് ഏതുമുതലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് നിഷേധിച്ചതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(സി) എങ്കിൽ പ്രസ്തുത അവകാശം ആദിവാസികൾക്ക് നിഷേധിക്കുവാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വനത്തിനുള്ളിൽ കഴിയുന്ന ആദിവാസികൾ അനുഭവിച്ചിരുന്ന ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം ചാരിറ്റബിൾ സൊസൈറ്റികൾക്ക് നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത നടപടി പതിനായിരക്കണക്കായുള്ള ആദിവാസികളുടെ ഉപജീവനമാർഗ്ഗത്തെ ബാധിക്കുമെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ചെറുകിട വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം ആദിവാസികൾക്ക് തിരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 28.7.78-ലെ ജി.ഒ.എം.എസ്. 200/78/കൃഷി എന്ന ഉത്തരവു പ്രകാരമാണ് ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്ക് നൽകിയത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) റിട്ട് അപ്പീൽ 202/93-ൽ സുപ്രീം കോടതിയുടെ 21.2.2000 തീയതിയിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത അവകാശം ആദിവാസികൾക്ക് അനുവദിക്കാതിരുന്നത്. വേൾഡ് ബാങ്ക് സഹായത്തോടു

LIBRARY ARCHIVES Kerala Legislative Assembly